## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.987** **09.08.2017 ൽ മറുപടിയ്ക്ക്**

## മദ്യവില്പനശാലകളുടെ പ്രവർത്തന സമയത്തിൽ മാറ്റം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി.എസ്.ശിവകുമാർ<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.കെ.എസ്.ശബരീനാഥൻ | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സർക്കാർ പ്രഖ്യാപിച്ച മദ്യനയത്തിന്റെ ഭാഗമായി മദ്യവില്പനശാലകളുടെ പ്രവർത്തന സമയത്തിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ ; എങ്കിൽ അതിനുള്ള കാരണം എന്തായിരുന്നു ; | (എ) | ഈ സർക്കാർ പ്രഖ്യാപിച്ച മദ്യനയത്തിൽ ബാർ ഹോട്ടലുകൾ, ബീയർ/വൈൻ പാർലറുകൾ, ക്ലബ്ബുകൾ എന്നിവയുടെ പ്രവർത്തന സമയത്തിൽ അര മണിക്കൂർ കുറവുവരുത്തി പ്രവർത്തന സമയം രാവിലെ 11.00 മണിമുതൽ രാത്രി 11.00 മണിവരെയായി നിജപ്പെടുത്തിയിട്ടുണ്ട്. വിനോദ സഞ്ചാര മേഖലകളിൽ പ്രവർത്തന സമയം രാവിലെ 10 മണിമുതൽ രാത്രി 11 മണിവരെയായും ക്രമീകരിച്ചിട്ടുണ്ട്. മദ്യനയത്തിൽ വരുത്തിയിട്ടുള്ള പൊതുക്രമീകരണങ്ങളുടെ ഭാഗമായാണ് പ്രവർത്തനസമയം പുതുക്കി നിശ്ചയിച്ചിട്ടുള്ളത്. |
| (ബി) | ബിവറേജസ് കോർപ്പറേഷന്റെയും, കൺസ്യൂമർ ഫെഡിന്റെയും മദ്യവില്പനശാലകളുടെ പ്രവർത്തന സമയത്തിൽ ഈ നയത്തിന്റെ ഭാഗമായി മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ? | (ബി) | ഇല്ല. |

സെക്ഷൻ ഓഫീസർ